## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1490

15/02/2016 - ൽ മറുപടിക്ക്.

## ക്ലീൻ കേരള കമ്പനി

| ചോദ്യം<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ക്ലീൻ കേരള കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി, പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ, പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. |
| (ബി) | പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രസ്തുത കമ്പനി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; | (ബി) ലോഗ്രേഡ് വിഭാഗം ഉൾപ്പെടെയുള്ള 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന ശേഖരിച്ചും 149 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ചും പ്രോസസ്സിംഗ് ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് പ്രോസസ്സിംഗിനുവേണ്ടി സ്ഥലവും, കെട്ടിടവും നൽകുന്ന നഗരസഭകളിൽ റിസോഴ്സ് റിക്കവറി സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) | ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ? | (സി) പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രോസസ്സ് ചെയ്യുവാൻ റിസോഴ്സ് റിക്കവറി സെന്ററുകൾ ആരംഭിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ ടി സെന്റർ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.